**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **09-08-2023 - ൽ മറുപടിയ്ക്ക്**

**ടെൻഡർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖേന നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള വർക്കല പുന്നമൂട് മാർക്കറ്റിന്റെ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | 15-02-2021-ലെ സ.ഉ (സാധാ) നം.535/2018/ മ.ഇ.വ നമ്പർ ഭരണാനുമതി ഉത്തരവു പ്രകാരം വർക്കല നിയോജക മണ്ഡലത്തിലെ പുന്നമൂട് മത്സ്യമാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി) സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ പരിശോധിക്കുകയും 09-04-2021-ലെ ഉത്തരവു പ്രകാരം 3.79 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ഡി.എസ്.ആർ നിരക്കിലുണ്ടായ വ്യത്യാസത്താൽ, കെ.എസ്.സി.എ.ഡി.സി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ പരിശോധിക്കുകയും 15-03-2022-ലെ ഉത്തരവു പ്രകാരം 4.52 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ധനാനുമതി ഉത്തരവു പ്രകാരം പദ്ധതി ആരംഭിക്കുന്നതിന് ടെൻഡർ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി ആയ തീരദേശ വികസന കോർപ്പറേഷൻ ആണ്. നിലവിൽ, കെ.എസ്.സി.എ.ഡി.സി വർക്ക് ടെൻഡർ ചെയ്തിട്ടുള്ളതും വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എസ്.പി.വി ആയ കെ.എസ്.സി.എ.ഡി.സി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ